MBC MINISTRIES

# ആഭരണം നിഷിദ്ധമോ?

ജോൺസൺ പൂമല

# ആഭരണം നിഷിദ്ധമോ?

**ജോൺസൺ പൂമല**

malayalambiblecommentary@gmail.com

+91 9400503238

# ആഭരണം നിഷിദ്ധമോ?

ക്രിസ്തുവിശ്വാസികൾ ആഭരണം അണിയുന്നതിനെ അനുകൂലിച്ചും എതിർത്തും അനേകർ ഇതിനോടകം ആവശ്യത്തിലധികം എഴുതിയതുകൊണ്ട് ഇനിയും ഈ വിഷയം ആരും ആവർത്തിക്കേണ്ട ആവശ്യമില്ല എന്നാണ് ഞാൻ കരുതിയത്. എന്നാൽ ക്രിസ്തുവിശ്വാസികൾ ആഭരണം അണിയുന്നതിനെ അനുകൂലിച്ചും എതിർത്തും അഭിപ്രായങ്ങൾ എഴുതിയവർ തെളിവിനായി എഴുതിയിരിക്കുന്ന വേദഭാഗങ്ങൾ ഞാൻ പരിശോധിച്ചപ്പോൾ അഭിപ്രായപ്രകടനം നടത്തിയവർക്ക് താല്പര്യമുള്ള ചില വാക്യങ്ങൾ (വേദഭാഗങ്ങൾ) എഴുതപ്പെട്ട തിരുവെഴുത്തിന്റെ ശരിയായ സാഹചര്യവും സന്ദർഭവും ഉദ്ദേശവും അർത്ഥവും പരിഗണിക്കാതെ തെളിവ് വാക്യങ്ങളായി ചേർത്തിരിക്കുന്നത് കണ്ടു ഞാൻ അമ്പരന്നുപോയി. ബൈബിൾ വ്യാഖ്യാന നിയമങ്ങളെ കുറിച്ചുള്ള അജ്ഞത കൊണ്ടാണ് പലരും ഇങ്ങനെ ചെയ്തതെന്ന് ഞാൻ കരുതുന്നു.

ഇക്കാരണത്താലാണ് ക്രിസ്തുവിശ്വാസികൾക്ക് ആഭരണം നിഷിദ്ധമോ എന്ന വിഷയം വചന വ്യാഖ്യാന നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തിരുവെഴുത്തിൽ പരിശോധിക്കുന്നതിന് ഞാൻ ശ്രമിക്കുന്നത്. വചന വ്യാഖ്യാന നിയമത്തിലെ മൂന്നു നിയമങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ വിഷയം ഞാൻ പ്രധാനമായും ചിന്തിക്കുന്നത്.

- ഒരു ഉപദേശം സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ
- ഒരു ഉപദേശം സ്ഥാപിക്കുന്നതിനുള്ള പ്രമാണം
- ഒരു ഉപദേശത്തിന്റെ പ്രാധാന്യം

## നിയമം 1: ഒരു ഉപദേശം സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ

ഒരു വേദവാക്യത്തിൽ നിന്നും ഒരു ഉപദേശം സ്ഥാപിക്കാൻ നാം ശ്രമിക്കുന്നതിനു മുമ്പായി പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യരൂപം ഏതാണെന്ന് നാം ആദ്യം മനസ്സിലാക്കണം. തിരുവെഴുത്തിലെ വേദഭാ

ഗങ്ങൾ വിവിധ സാഹിത്യ രൂപത്തിലാണ് കാണുന്നത്. അവ ചിലപ്പോൾ സംഭവവിവരണ രൂപത്തിൽ ആയിരിക്കും. മറ്റു ചിലപ്പോൾ ഉപമയുടെ രൂപത്തിൽ ആയിരിക്കും. വേറെ ചിലപ്പോൾ ഉപദേശ രൂപത്തിലായിരിക്കും. ചില വേദഭാഗങ്ങൾ പ്രവചന രൂപത്തിലും കാണുന്നുണ്ട്. മേൽപ്പറഞ്ഞ സാഹിത്യരൂപങ്ങളിൽനിന്ന് ഉപദേശ രൂപത്തിലുള്ളവ മാത്രമാണ് ഒരു ഉപദേശം സ്ഥാപിക്കുന്നതിന് പ്രധാന തെളിവായി ഉപയോഗിക്കാൻ പാടുള്ളൂ. സംഭവവിവരണത്തിൽ നിന്നും ഉപമയിൽ നിന്നും ഉപദേശം സ്ഥാപിക്കാൻ ശ്രമിക്കരുത്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ വചനം പഠിക്കുന്ന വ്യക്തി വചനത്തിൽ എന്ത് രേഖപ്പെടുത്തിയിരിക്കുന്നു എന്നും വചനം എന്ത് പഠിപ്പിക്കുന്നു എന്നും ആദ്യം അറിഞ്ഞിരിക്കണം. വചനം പല കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ കാര്യങ്ങളെയും വചനം സാധൂകരിക്കുന്നില്ല, പഠിപ്പിക്കുന്നില്ല. മാത്രമല്ല രേഖപ്പെടുത്തിയതെല്ലാം നാം അനുസരിക്കാനും അനുകരിക്കാനും വേണ്ടി രേഖപ്പെടുത്തിയതുമല്ല. മറിച്ച് ചിലതെല്ലാം നമ്മുടെ അറിവിനായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതാണ്. മറ്റു ചിലത് നമ്മുടെ ബുദ്ധിയുപദേശത്തിനായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതാണ്.

ഉദാ: ദാവീദ് രാജാവ് ഊരിയാവിന്റെ ഭാര്യയെ എടുക്കുകയും തന്റെ തെറ്റിനെ മറക്കുന്നതിനായി ഊരിയാവിനെ ചതിച്ചു കൊല്ലുകയും ചെയ്തു. ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് ദാവീദിന്റെ പ്രവർത്തിയെ നാം അനുകരിക്കുന്നതിനില്ല. മറിച്ച് മോഹവും വ്യഭിചാരവും കൊലപാതകവും തന്നെയും തന്റെ കുടുംബത്തെയും എത്രത്തോളം ദോഷകരമായി ഭവിച്ചു എന്നതിലൂടെ നാം കരുതലുള്ളവരായി ജീവിക്കുവാൻ നമ്മുടെ ബുദ്ധിയുപദേശത്തിനു വേണ്ടിയാണ്. ആ നിലയിൽ നോക്കിയാൽ വിശ്വാസികൾ ആഭരണം ധരിക്കുന്നതുമായി ബന്ധപ്പെട്ട് അനുകൂലിച്ചും എതിർത്തും അഭിപ്രായപ്രകടനം നടത്തിയവർ തെളിവിനായി ചേർത്തിരിക്കുന്ന വാക്യങ്ങൾ പരിശോധിച്ചാൽ ആഭരണം ധരിക്കുന്നതിന് മാത്രമായി അനുകൂലമായോ എതിരായോ യാതൊരു ഉപദേശവും വചനത്തിൽ കാണുന്നില്ല. പലരും തങ്ങളുടെ കീഴ്വഴക്കം ഉപദേശമാക്കുവാൻ മത്സരിക്കുന്നതാണ് പലപ്പോഴും നാം കാണുന്നത്. വാസ്തവത്തിൽ ഉപദേശമാണ് നാം കീഴ്വഴക്കുമാക്കേണ്ടത്. എന്നാൽ ആഭരണം ധരിക്കുന്നതിനെ പ്രത്യക്ഷമായി അനുകൂലിക്കുന്നതോ എതിർക്കുന്നതോ ആയ യാതൊരു ഉപദേശവും വചനത്തിൽ കാണുന്നില്ല. എന്നാൽ കാണുന്നു എന്ന് തോന്നുന്നതെല്ലാം ഒന്നുകിൽ പ്രത്യേക

സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതോ അല്ലെങ്കിൽ അലങ്കാര ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നതോ അതുമല്ലെങ്കിൽ മറ്റേതെങ്കിലും പ്രധാന വിഷയം വിശദീകരിക്കാൻ ഉപയോഗിച്ചിരിക്കുന്നതോ ആയ വാക്യങ്ങളാണ്.

## നിയമം 2: ഒരു ഉപദേശം സ്ഥാപിക്കുന്നതിനുള്ള പ്രമാണം

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും നമുക്ക് പ്രയോജനമുള്ളതും ആകുന്നുവെന്ന് വരികിലും ദൈവിക അരുളപ്പാടുകളിലെ ഉപദേശത്തിന്റെ പൂർണ്ണരൂപം പുതിയ നിയമത്തിലാണ് വെളിപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഒരു ഉപദേശം സ്ഥാപിക്കേണ്ടതിനും അനുസരിക്കേണ്ടതിനും ആചരിക്കേണ്ടതിനും മാതൃകയാക്കേണ്ടതിനും ഉള്ള പ്രമാണം പുതിയനിയമമാണ്.

എന്നാൽ പുതിയ നിയമ ഉപദേശം മൂന്ന് നിലയിലാണ് നമുക്ക് ലഭിച്ചിരിക്കുന്നത്.

1. കൽപ്പനകൾ (കൽപ്പന രൂപത്തിലുള്ള പ്രമാണം):

കർത്താവ് കൽപ്പിച്ചതും, അപ്പോസ്തലന്മാർ പാലിച്ചതും, വിശ്വാസികൾ ആചരിക്കുന്നതിനും അനുസരിക്കുന്നതിനുമായി സഭകൾക്ക് രേഖാമൂലം പ്രത്യേക കൽപ്പനകളായി ഏൽപ്പിച്ചു കൊടുത്തതുമായ കാര്യങ്ങളെയാണ് ശരിയായ വചന വ്യാഖ്യാന പ്രകാരം പ്രമാണമായി അംഗീകരിക്കുവാൻ കഴിയുന്നത്. ആ നിലയിൽ നോക്കിയാൽ ആഭരണത്തോടുള്ള ബന്ധത്തിൽ മാത്രമായി ആഭരണം അണിയുവാനോ അണിയാതിരിക്കുവാനോ യാതൊരു പ്രമാണവും വചനത്തിൽ ഇല്ല (1 തിമൊ. 2:9-10; 1 പത്രോസ് 3:3-4) മുതലായ വേദഭാഗങ്ങളിൽ കൽപ്പന രൂപത്തിൽ പ്രബോധനങ്ങൾ കാണുന്നു എങ്കിലും അത് ആഭരണധാരണത്തിന് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല.

2. മാർഗ്ഗനിർദ്ദേശ തത്വങ്ങൾ (മാർഗ്ഗനിർദേശം അനുസരിച്ചുള്ള പ്രമാണം):

ചില വിഷയങ്ങളിൽ വചനം നേരിട്ട് കൽപ്പനകൾ തരുന്നില്ല. മറിച്ച്, മാർഗ്ഗനിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

ഉദാ: ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്ത് ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ (1 കൊരി. 10: 31).

താത്വികമായി നോക്കുമ്പോൾ വിഗ്രഹാർപ്പിതം കഴിക്കുവാനും കഴിക്കാതിരിക്കുവാനുമുള്ള മാർഗ്ഗനിർദ്ദേശം എന്ത് ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി എന്നാണ് (c.f. റോമർ 14:19).

അതുപോലെ കർത്താവിന് കൊടുക്കുന്നതിനോടുള്ള ബന്ധത്തിലുള്ള മാർഗ്ഗനിർദ്ദേശം ഓരോരുത്തന് പ്രാപ്തിയുള്ളതുപോലെ കൊടുക്കുക (2 കൊരി. 8:12), അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചത് പോലെ കൊടുക്കുക (2 കൊരി. 9:7) എന്നതാണ്. എന്നാൽ ആഭരണം അണിയുന്നതിനോടുള്ള ബന്ധത്തിൽ ഈ നിലയിലുള്ള ഒരു മാർഗ്ഗ നിർദ്ദേശം വചനത്തിൽ കാണുന്നില്ല.

3. മാതൃക (മാതൃക പരിഗണിച്ചുള്ള പ്രമാണം):

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും ആരാധനയ്ക്കും അപ്പം നുറുക്കുന്നതിനും കൂടി വരുന്നതും, സ്തോത്രകാഴ്ച എടുക്കുന്നതും അപ്പോസ്തലിക മാതൃകയായിരുന്നു (അപ്പോ 20:7; 1 കൊരി. 16:1,2). ആഭരണം അണിയുന്നതിനോ അണിയാതിരിക്കുന്നതിനോ ഈ നിലയിൽ പുതിയ നിയമത്തിൽ ഒരു മാതൃക കാണിച്ചു തന്നിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രമാണപ്രകാരം നമുക്ക് ബാധ്യതയില്ലാത്ത ചില കാര്യങ്ങൾ ചെയ്യുവാൻ ചിലപ്പോൾ നാം നിർബന്ധിതരാകും. അനാവശ്യമായ ഇടർച്ചയും എതിർപ്പും ഒഴിവാക്കുന്നതിനും തമ്മിൽ സമാധാനം ആചരിക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

ഉദാ: തിമോഥെയോസിന്റെ പരിച്ഛേദന (അപ്പോ. 16:1-3).

അപ്പോ 15 -ൽ യഹൂദന്റെയും യവനന്റെയും രക്ഷയ്ക്ക് വിശ്വാസം മാത്രം മതിയെന്നും യഹൂദ മര്യാദ പ്രകാരമുള്ള പരിച്ഛേദന ആവശ്യമില്ല എന്നുമുള്ള ദൈവീക വ്യവസ്ഥ അപ്പോസ്തലന്മാർ ഉറപ്പിക്കുന്നു. എന്നാൽ അപ്പോ. 16 -ൽ തിമോഥെയോസ് വിശ്വസിച്ചവനെങ്കിലും യഹൂദന്മാരെ വിചാരിച്ച് പൗലോസ് അവനെ പരിച്ഛേദന കഴിപ്പിച്ചു എന്ന് കാണുന്നു. കർത്താവിൽ വിശ്വസിച്ച തിമൊഥെയോസിന് യഹൂദ മര്യാദ പ്രകാരമുള്ള പരിച്ഛേദന ഏൽക്കേണ്ട ആവശ്യമില്ലായിരുന്നു. എങ്കിലും യഹൂദന്മാരുടെ ഇടയിൽ നിന്നുള്ള ഇടർച്ചയും എതിർക്കും ഒഴിവാക്കുവാൻ അവൻ പരിച്ഛേദന ഏൽക്കുവാൻ തയ്യാറായി. ഇവിടെ തന്റെ സ്വജാതിക്കാരിൽ നിന്നുള്ള (യവന പിതൃത്വം) എതിർപ്പിനെ അവൻ അവഗണിക്കുകയും ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്ന വിശ്വാസ സമൂഹത്തിൽ നിന്നുള്ളവരുടെ (യഹൂദ ക്രിസ്ത്യാനികൾ) എതിർപ്പിനെ ഒഴിവാക്കുകയുമാണ് ചെയ്തത്. കാരണം തന്റെ സാക്ഷ്യത്തിനും ശുശ്രൂ

ഷക്കും ഇങ്ങനെ ചെയ്യേണ്ടത് ആവശ്യമായിരുന്നു.

തിമോഥെയോസിന്റെ ഈ മനോഭാവം ആഭരണ വർജനത്തോടുള്ള ബന്ധത്തിൽ മാതൃകയാക്കാൻ സാധിച്ചാൽ അത് പ്രശംസനീയമാണ്. ഒരു വ്യക്തി കർത്താവിൽ വിശ്വസിച്ച് കർത്താവിനോടും അവന്റെ ജനത്തോടും ചേരുമ്പോൾ പ്രമാണപ്രകാരം താൻ ആഭരണം വർജിക്കേണ്ട ആവശ്യമില്ല. എങ്കിലും താൻ ഉൾപ്പെട്ടു നിൽക്കുന്ന വിശ്വാസ സമൂഹത്തിന്റെ മര്യാദകൾക്ക് വിധേയപ്പെടുന്നതുകൊണ്ട് ഇക്കാരണത്താലുള്ള എതിർപ്പുകളും ഇടർച്ചകളും ഒഴിവാക്കുവാൻ സാധിക്കും.

## നിയമം 3: ഒരു ഉപദേശത്തിന്റെ പ്രാധാന്യം

നാം പരിഗണിക്കേണ്ടതായ മൂന്നാമത്തെ കാര്യം നാം സ്ഥാപിക്കുന്ന ഉപദേശത്തിന് തിരുവെഴുത്ത് എത്രത്തോളം പ്രാധാന്യം കൊടുത്തിട്ടുണ്ട് എന്നതാണ്. ലഭിച്ചിരിക്കുന്ന ഉപദേശങ്ങളിൽ വെച്ച് ദൈവജനത്തോടുള്ള ബന്ധത്തിൽ ഏറ്റവും വലിയ പ്രാധാന്യം വചനം നൽകിയിരിക്കുന്നത് ദൈവമക്കളുടെ വിശുദ്ധിക്കും വേർപാടിനുമുള്ള ഉപദേശത്തിനാണ് (2 കൊരി.6:14-7; 1 പത്രോസ് 14-16). മാത്രമല്ല ഈ വേർപാട് ആത്മീക വളർച്ചയോടുള്ള ബന്ധത്തിൽ മൂന്ന് തലങ്ങളിലാണ് വിശ്വാസികളിൽ വെളിപ്പെടുന്നത് (കുഞ്ഞുങ്ങൾ ബാല്യക്കാർ പിതാക്കന്മാർ (1 യോഹ. 2:12-14)).

1. കുഞ്ഞുങ്ങൾ (ആത്മീക വളർച്ചയിൽ ശിശുക്കൾ)

അവർ പാപമോചനം ലഭിച്ചവരും പിതാവിനെ അറിഞ്ഞവരും ആരാധനയിൽ വേർപാടുള്ളവരും ആണ്. എങ്കിലും വിഗ്രഹങ്ങളോടുള്ള ബന്ധത്തിൽ കരുതലുള്ളവരാകണം എന്ന പ്രബോധനം അവർക്ക് ഉണ്ട് (1 യോഹ.5:21).

2. ബാല്യക്കാർ (ആത്മീക വളർച്ചയിൽ ശക്തന്മാർ)

അവർ ഉപദേശത്തിൽ വേർപാടുള്ളവരാണ്. ദുരുപദേശങ്ങളിൽ നിന്നും പത്ഥ്യോപദേശത്തിലേക്ക് വേർപെട്ടവരാണ് (1 യോഹ. 2:14). എങ്കിലും ലോകത്തെയും അതിലുള്ളതിനേയും സ്നേഹിക്കരുത് എന്നൊരു പ്രബോധനം അവർക്കുണ്ട് (2:15-17).

3. പിതാക്കന്മാർ (ആത്മീക വളർച്ചയിൽ പക്വത പ്രാപിച്ചവർ)

അവർ കർത്താവിനോടുള്ള ഭക്തിയിലും സമർപ്പണത്തിനും ഏകാഗ്രതയിലും ലോകത്തിൽ നിന്നും അതിന്റെ മോഹത്തിൽ നിന്നും വേർ

പെട്ടവരാണ്. അവർ ആത്മീക കാര്യങ്ങളെ മാനുഷിക ദൃഷ്ടിയിലൂടെ അല്ല, ക്രിസ്തീയ കാഴ്ചപ്പാടിലൂടെയാണ് കാണുന്നത്. അവർ ലോകത്തിന്റെ മോഹത്തെക്കുറിച്ചും സാത്താന്റെ തന്ത്രങ്ങളെക്കുറിച്ചും നല്ലവണ്ണം അറിയുന്നവരും ആത്മീക ജീവിതത്തിലെ കാര്യങ്ങളെയെല്ലാം ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നവരുമാണ്. അവർ ദൈവത്തിന്റെ സത്യത്തിൽ ദൃഷ്ടി പതിപ്പിച്ചിട്ടുള്ളവരും സ്വർഗീയ ചൂടിനാൽ ക്രമീകരിക്കപ്പെട്ടവരുമാണ്, അവർ ജീവിതത്തിന്റെ എല്ലാവിധ കാലാവസ്ഥയിലൂടെയും കടന്നുപോയവരും വലിയ ആത്മീക അനുഭവത്തിന്റെ ഉടമകളുമാണ്. അവർ ലോകത്തിന്റെ മായയെ കുറിച്ചും ജീവിതത്തിന്റെ നൈമിഷികതയെ കുറിച്ചും അറിവുള്ളവരും (ഉല്പത്തി 47:8-9) ലൗകിക സുഖങ്ങളുടെ മുലകുടി മാറിയവരും (തീത്തോസ് 2:2) വരുവാനുള്ള ലോകത്തെ വാഞ്ഛരിച്ചു പാർക്കുന്നവരുമാണ് (എബ്രായർ 11:16). ദൈവത്തെ വ്യക്തിപരമായി അറിഞ്ഞതിന്റെയും ദൈവീക കൂട്ടായ്മയിൽ തുടർന്നതിന്റെയും തികവും പക്വതയും അവർക്കുണ്ട്. അതുകൊണ്ട് അവർക്ക് പ്രബോധനം ഇല്ല (1 യോഹ. 2:13-14). ഈ നിലയിലുള്ളവർ അമിതവ്യയത്തെയും ആഡംബരത്തെയും ആഭരണത്തെയും സ്വാഭാവികമായി വർജിക്കും.

എന്നാൽ ആത്മീക പക്വതയിൽ എത്തിയാൽ മാത്രമാണ് തങ്ങൾ അമിതവ്യയവും ആഡംബരവും ആഭരണവും വർജിക്കണമെന്ന് വിശ്വാസികൾക്ക് ബോധ്യപ്പെടുകയുള്ളൂ. ആത്മീക ശിശുക്കളായി ഇരിക്കും കാലം ഇവയെല്ലാം ആവശ്യവസ്തുക്കളായി മാത്രമേ അവർക്ക് അനുഭവപ്പെടുകയുള്ളൂ. അതുകൊണ്ട് അമിതവ്യയത്തെയും ആഡംബരത്തെയും ആഭരണത്തെയും സ്വീകരിക്കുന്നതും നിരാകരിക്കുന്നതും ഒരു ഉപദേശ വ്യത്യാസമായിട്ടല്ല മറിച്ച് ആത്മീക പക്വതയുടെ അടിസ്ഥാനത്തിലുള്ള ഒരു വ്യത്യാസമായിട്ട് മാത്രം കണ്ടാൽ മതി.

**അമിതവ്യയം ആഡംബരം ആഭരണം**

ആധുനിക മനുഷ്യന്റെ സാധാരണ സാമൂഹ്യ ജീവിതത്തിന് വീട് വാഹനം വസ്ത്രം ചെരിപ്പ് കണ്ണട വാച്ച് മുതലായ പല വസ്തുക്കളും ആവശ്യമാണ്. ഈ നിലയിലുള്ള വസ്തുക്കളെല്ലാം തന്നെ ശരിയായ മാർഗത്തിലൂടെ സ്വന്തമാക്കുന്നതും അതതിന്റെ ഉദ്ദേശത്തിനു വേണ്ടി ഉപയോഗിക്കുന്നതും തെറ്റല്ല. എന്നാൽ ഇതിനായുള്ള അമിതവ്യയം തെറ്റാണ്.

**അമിതവ്യയം**: മനുഷ്യജീവിതത്തിന് ആവശ്യമുള്ള വസ്തുക്കൾ

ക്ക് രുചി ഭേദം വരുത്തുന്നതിനും സുഖസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും അഴക് വർദ്ധിപ്പിക്കുന്നതിനുമായി അമിതമായ നിരക്കിൽ പണം ചെലവഴിക്കുന്നതാണ് അമിതവ്യയം. ഈ പ്രവണത തെറ്റാണ്.

**ആഢംബരം**: മനുഷ്യജീവിതത്തിന് ആവശ്യമില്ലാത്ത വസ്തുക്കൾ അലങ്കാരത്തിനും പ്രൗഢിക്കും വേണ്ടി മാത്രം വലിയ തുക മുടക്കി സ്വന്തമാക്കുന്നതും നിലനിർത്തുന്നതുമാണ് ആഡംബരം. ഇത് ഏറെ തെറ്റാണ്.

**ആഭരണം**: മനുഷ്യജീവിതത്തിനോ ശരീരത്തിനോ ആവശ്യമില്ലാത്തവയെ അലങ്കാരം എന്ന നിലയിൽ ശരീരത്തിൽ തൂക്കിയിടുന്നതിന് രൂപപ്പെടുത്തിയിട്ടുള്ളതാണ് ആഭരണം. അത് വില കൊടുക്കാതെ ലഭിച്ചാലും മനുഷ്യജീവിതത്തിനോ ശരീരത്തിനോ യാതൊരു ആവശ്യമില്ലാത്തതാകകൊണ്ട് അങ്ങനെയുള്ളവ ഉപയോഗിക്കുന്നത് അതിൽ തന്നെ തെറ്റാണ്. മാത്രമല്ല ആവശ്യമില്ലാത്ത ഒരു വസ്തു ഉപയോഗിക്കുന്നതിനു വേണ്ടി പണം ചെലവഴിക്കുന്നത് അതിലേറെ തെറ്റാണ്. ആത്മീക പക്വതയിലേക്ക് വളർന്നവർ (പിതാക്കന്മാർ) ഇതൊന്നും ചെയ്യില്ല. എന്നാൽ ആത്മീക വളർച്ചയിൽ ശിശുക്കൾ ആയിരിക്കുന്നവർ ഇതെല്ലാം ആഗ്രഹിക്കുന്നത് തികച്ചും സ്വാഭാവികമാണ്

എന്നാൽ മൂല്യമുള്ള ലോഹങ്ങളെയും വസ്തുക്കളെയും നിയമപ്രകാരം സ്വന്തമാക്കുന്നതും ഒരു സമ്പാദ്യമായി നിശ്ചിത ആവശ്യത്തിന് സൂക്ഷിക്കുന്നതും കൈമാറ്റം ചെയ്യുന്നതും വചനവിരുദ്ധമല്ല.

***